"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - വൈജ്ഞാനിക ഭരണ നിർവഹണം- വകുപ്പുതല പ്രത്യേക സമതി - അംഗങ്ങളുടെ പേര് നീക്കം ചെയ്തു സ്ഥാനപേര് മാത്രം ഉൾപ്പെടുത്തി ഭേദഗതി ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.29/2024/BCDD തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.62/2022/പിവിവിവ, തീയതി 22.06.2022
2. സ.ഉ.(സാധാ) നം.70/2022/ബിസിഡിഡി, തീയതി 15.07.2022
3. സ.ഉ.(സാധാ) നം.06/2023/പിവിവിവ, തീയതി 13.01.2023

**ഉത്തരവ്**

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതും ലക്ഷ്യമിട്ടുകൊണ്ട് പരാമർശം (1) ലെ ഉത്തരവ് പ്രകാരം വകുപ്പുതല പ്രത്യേക സമിതി രൂപീകരിക്കുകയും തുടർന്ന് സമിതിയിലെ അംഗങ്ങൾക്ക് സ്ഥാന മാറ്റം വന്നതിനാൽ പരാമർശം (2 ), (3 ) എന്നിവയിലെ ഉത്തരവുകൾ പ്രകാരം ടി സമിതി പുന: സംഘടിപ്പിക്കുകയുമുണ്ടായി . പരാമർശം (3 ) പ്രകാരം നിലവിൽ ഉള്ള സമിതിയിലെ അംഗങ്ങൾക്കും സ്ഥാന മാറ്റം വന്നതിനാൽ ടി സമിതി പുന: സംഘടിപ്പിക്കേണ്ടതായിട്ടുണ്ട് . സമിതിയുടെ യോഗം ചേരുവാൻ നിർദേശം നിലനിൽക്കുമ്പോഴും അംഗങ്ങൾക്ക് സ്ഥാന മാറ്റം വരുന്ന സാഹചര്യം സംജാതമായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിന്നാക്ക വിഭാഗ വികസന വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (3) പ്രകാരം നിലവിൽ ഉള്ള സമിതിയിൽ അംഗങ്ങളുടെ പേര് നീക്കം ചെയ്തു സ്ഥാനപേര് മാത്രം ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു :-

അഡീഷണൽ ചീഫ് സെക്രട്ടറി ,പിന്നാക്ക വിഭാഗ വികസന വകുപ്പ് - ചെയർമാൻ

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് - മെമ്പർ

ധനകാര്യ (വെൽഫയർ വിങ്) വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി - മെമ്പർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ വി സി -2 / എ വി സി -4 / എ വി സി -5) സെക്ഷനുകളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി - കൺവീനർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.29/2024/BCDD

LATHA.S

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി ,പിന്നാക്ക വിഭാഗ വികസന വകുപ്പ്

അണ്ടർ സെക്രട്ടറി , ധനകാര്യ (വെൽഫയർ വിങ് ) വകുപ്പ്

ജോയിന്റ് സെക്രട്ടറി , ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ വി സി -2 / എ വി സി -4 / എ വി സി -5) വകുപ്പ്

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കവടിയാർ ,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ,പാറ്റൂർ ,വഞ്ചിയൂർ റോഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കോട്ടയം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺ പാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ. ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ ക്ക്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ. 6) വകുപ്പ് .

വെബ് ആൻഡ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് .

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 25-03-2024 16:49:39
സെക്ഷൻ ഓഫീസർ